# ഫ്രാൻസ് സെനറ്റ് പ്രസിഡന്റുമായി പ്രധാനമന്ത്രിയുടെ കൂടിക്കാഴ്ച

ജൂലൈ 13, 2023

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി 2023 ജൂലൈ 13-ന് ഫ്രഞ്ച് സെനറ്റ് പ്രസിഡന്റ് ജെറാർഡ് ലാർച്ചറുമായി കൂടിക്കാഴ്ച നടത്തി.

2. ഇന്ത്യ-ഫ്രാൻസ് പങ്കാളിത്തത്തിന്റെ അടിസ്ഥാന ധാർമ്മികത രൂപപ്പെടുത്തുന്ന 'ജനാധിപത്യം, സ്വാതന്ത്ര്യം, സമത്വം' എന്നീ നമ്മുടെ പങ്കിട്ട മൂല്യങ്ങളുടെ പ്രാധാന്യം പ്രധാനമന്ത്രി മോദി എടുത്തുപറഞ്ഞു.

3. ഇന്ത്യയുടെ ജി20 മുൻഗണനകൾ, സാങ്കേതിക ഉപയോഗത്തിലെ ജനാധിപത്യ മൂല്യങ്ങൾ, രണ്ട് ഉപരിസഭകൾ തമ്മിലുള്ള സഹകരണം എന്നിവയുൾപ്പെടെ വിപുലമായ മേഖലകളിൽ ചർച്ചകൾ ശ്രദ്ധ കേന്ദ്രീകരിച്ചു. പരസ്പര താൽപര്യമുള്ള പ്രാദേശിക, ആഗോള വിഷയങ്ങളും ചർച്ച ചെയ്തു.

**ന്യൂ ഡൽഹി**
**ജൂലൈ 13, 2023**